## 14

# സഭയുടെ ദൈവിക നാമനിർദ്ദേശങ്ങൾ

പുതിയ നിയമം ശ്രദ്ധിച്ച് വായിച്ചാൽ സഭയെ നിർമ്മിച്ചിരിക്കുന്നതു പ്രത്യേക സജീവ വസ്തുവായിട്ടാണ് എന്നു വ്യക്തമാകും. അതുകൊണ്ട്, അതു, പ്രത്യേക രീതിയിലാണ് ദൈവശ്വാസിയ എഴുത്തുകാർ സൂചിപ്പിച്ചത്. ഈ സൂചനകളെ മൂന്നു കൂട്ടമായി ഭാഗിക്കാം. അവ ഉപയോഗിച്ചിരിക്കുന്നത് പ്രത്യേക അർത്ഥത്തോടെയാണ്, പ്രവൃത്തിയെ പ്രകടമാക്കുവാൻ, ഉടമസ്ഥാവകാശവും, ബന്ധും സൂചിപ്പിക്കുവാനാണ്. ദൈവിക ദിശയാൽ ദൈവിക ഉദ്ദേശം നിറവേറ്റുന്നു.

പരിശുദ്ധാത്മാവ് ഉപയോഗിച്ച പദപ്രയോഗത്തെ വെറും ചിത്രീകരണമായി കാണുന്നത്.[1] ക്രിസ്തുവിനെ വിശ്വസ്തമായി അനുഗമിക്കുന്നവരെ പുതിയനിയമത്തിൽ "സഭ" എന്നും, അവന്റെ "ശരീരം" എന്നും, വിളിച്ചിരിക്കുന്നു. ഈ ദൈവിക നാമ നിർദ്ദേശങ്ങൾ[2] തിരിച്ചറിയുന്ന കർത്താവു സ്ഥാപിച്ച സഭയുടെ സ്വഭാവവിശേഷതകൾ വിവരിച്ച് പറയുന്നവയാണ്. അവയെ ശ്രദ്ധയോടെ പരിഗണിക്കുക.

### പ്രവൃത്തികളുടെ നാമനിർദ്ദേശങ്ങൾ

സഭയ്ക്കു പുതിയ നിയമത്തിൽ നൽകിയിരിക്കുന്ന ചില നാമനിർദ്ദേശങ്ങൾ കാണിക്കുന്നത് സഭ ജീവനുള്ള പ്രവൃത്തികൾ ചെയ്യുന്ന ഒന്നായിട്ടാണ്. കർത്താവിന്റെ സഭ അതിന്റെ ഉദ്ദേശത്തിലും, രൂപത്തിലും, പ്രവൃത്തിയിലും ഉയർത്തികാണിക്കുന്നു.

ക്രിസ്തു സ്ഥാപിച്ചതിനെ ലളിതമായി "സഭ" എന്നു മാത്രം പറഞ്ഞിട്ടുണ്ട് (കൊലൊസ്യർ 1:18, 24). ഈ പദപ്രയോഗത്തിന്റെ അർത്ഥം "കർത്താവിനെ അനുഗമിക്കുന്നവരായി തീർന്നവരുടെ

കൂടിവരവ്" എന്നാണ്. ഈ ആളുകളെ കൂടി വരുന്നവർ എന്ന അർത്ഥത്തിൽ ഉപയോഗിച്ചിട്ടുണ്ട് (1 കൊരിന്ത്യർ 11:18) പ്രാദേശികമായ അർത്ഥത്തിലും (1 കൊരിന്ത്യർ 1:2), പ്രദേശത്തെ സൂചിപ്പിച്ചും (1 കൊരിന്ത്യർ 16:1), സാർവ്വദേശിയമായ അർത്ഥത്തിലും (എഫെസ്യർ 5:23). ക്രിസ്തു സ്ഥാപിച്ചതിന്റെ അർത്ഥമാണ് ഈ നാമനിർദ്ദേശങ്ങൾ വെളിപ്പെടുത്തുന്നത് - അവന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ടവർ, അവനായി ജീവിക്കയും അവനെ ആരാധിക്കയും അവന്റെ വേല ചെയ്യുകയും ചെയ്യുന്നു.

ക്രിസ്തുവിനെപ്പോലെ ആകുവാൻ പരിശ്രമിക്കുന്നവരായതുകൊണ്ട് സഭയിലെ വ്യക്തികളായ അംഗങ്ങളെ "ക്രിസ്ത്യാനികൾ" എന്നു വിളിക്കുന്നു. ("ക്രിസ്ത്യാനി" എന്ന വാക്കിന്റെ അർത്ഥം ക്രിസ്തുവിനെ - പോലെ ആകുക" അല്ലെങ്കിൽ "ക്രിസ്തുവിന്റെ ഒരു അനുയായി.") ക്രിസ്ത്യാനികൾ എന്ന പേർ ആദ്യം അന്ത്യോക്ക്യയിലെ ശിഷ്യന്മാർക്കാണ് നൽകിയതു (പ്രവൃത്തികൾ 11:26). ഈ പേർ നൽകിയ സന്ദർഭം അവ്യക്തമാണ്, എന്നാൽ ദൈവം അതു തന്റെ ജനത്തിനായി തിരഞ്ഞെടുത്തു എന്നു തീർച്ചയാക്കാം. ഒരു പേരായി അതു പുതിയ നിയമത്തിൽ മൂന്നു പ്രാവശ്യം കാണാം (പ്രവൃത്തികൾ 11:26; 26:28; 1 പത്രൊസ് 4:16).

സഭയിലെ അംഗങ്ങളെ ബൈബിളിൽ വിശുദ്ധീകരിക്കപ്പെട്ടവരായതുകൊണ്ട് "വിശുദ്ധന്മർ" എന്നും വിളിച്ചിട്ടുണ്ട്. ഇവർ ദൈവത്താൽ തിരഞ്ഞെടുത്ത് വേർതിരിക്കപ്പെട്ടവരാണ്. പൗലൊസ് എഫെസൊസിലുള്ളവരെ സംബോധന ചെയ്തു, "ദൈവേഷ്ടത്താൽ ക്രിസ്തു യേശുവിന്റെ അപ്പൊസ്തലനായ പൌലൊസ് എഫെസൊസിലുള്ള *വിശുദ്ധന്മാരും* ക്രിസ്തു യേശുവിൽ വിശ്വാസികളുമായവർക്കു എഴുതുന്നത്" (എഫെസ്യർ 1:1; എംഫസിസ് മൈൻ). തിത്തൊസ് 2:14-ൽ ഇംഗ്ലീഷിൽ ജെയിംസ് വെർഷനിൽ "പ്രത്യേക ജനം" എന്നാണ്. ഈ പുസ്തകത്തിന്റെ പുറകിൽ പറയുന്നതു, "സ്വന്തജനമാക്കിയവർ" എന്നാണ്. "വിശുദ്ധമായ," "വിശുദ്ധൻ" എന്നതിന്റെ അടിസ്ഥാന അർത്ഥം "ദൈവത്തിനായി വേർതിരിക്കപ്പെട്ടവർ" എന്നാണ്, വിശുദ്ധമായി ദൈവത്തിനായി വേർതിരിക്കപ്പെട്ട ജനം. വിശുദ്ധ വിളിയാൽ വിളിക്കപ്പെട്ടവരാണ് ക്രിസ്ത്യാനികൾ (2 തിമൊഥെയൊസ് 1:9); അവർ ഭക്തിയും വിശുദ്ധജീവിതവും നയിക്കേണ്ടവരാണ് (2 പത്രൊസ് 3:11); അവർ അന്ത്യനാളിൽ അവന്റെ മുൻപിൽ നിൽക്കുമ്പോൾ അവർ "വിശുദ്ധന്മാരും, നിഷ്കളങ്കരും, കുറ്റമില്ലാത്തവരും ആകണം" (കൊലൊസ്യർ 1:22).

ചില ബൈബിൾ തർജ്ജിമകളിൽ മത്തായി എഴുതിയ സുവിശേഷത്തിലും മർക്കൊസ്, ലൂക്കൊസ്, യോഹന്നാൻ എന്നിവർ എഴുതിയ സുവിശേഷങ്ങളിലെ തലവാചകങ്ങൾ "വിശുദ്ധൻ" എന്നു ചേർത്തിട്ടുണ്ട്. വെളിപ്പാട്, "ദൈവത്തിന്റെ വിശുദ്ധ യോഹന്നാന്റെ വെളിപ്പാട്" എന്നാണ്. പുതിയ നിയമത്തിലെ ഇത്തരം തലവാചകങ്ങൾ ദൈവത്തിൽ നിന്നല്ല, മനുഷ്യരിൽ നിന്നാണ് വന്നത്. ക്രിസ്തുവിലായി തീർന്നവരെ എല്ലാവരേയും "വിശുദ്ധന്മാർ" എന്നാണ് പുതിയ നിയമം പറയുന്നത്. സഭയെപ്പറ്റി പറയുമ്പോൾ "വിശുദ്ധന്മാരുടെ സഭകൾ" എന്നു പറഞ്ഞിട്ടുണ്ട് (1 കൊരിന്ത്യർ 14:33). ആളുകൾ ക്രിസ്ത്യാനികൾ ആകുമ്പോൾ അവർ ദൈവത്തിനായി വേർതിരിക്കപ്പെടുന്നു.

ഇതിനു പുറമെ സഭയെ "ക്രിസ്തുവിന്റെ ശരീരം" എന്നും വിളിച്ചിട്ടുണ്ട് (എഫെസ്യർ 1:22, 23). സഭയുടെ പ്രവർത്തന രീതി ചിത്രീകരിക്കുന്നതാണ് ഈ നാമം (1 കൊരിന്ത്യർ 12:12-27). ചിലപ്പോൾ, സഭ - എന്താണെന്നും തിരിച്ചറിയുന്നതിന് സൂചിപ്പിക്കുന്നുണ്ട്. നാമനിർദ്ദേശമായി ഉപയോഗിക്കുമ്പോൾ "ക്രിസ്തുവിന്റെ ശരീരം" എന്ന പദ പ്രയോഗം സഭയുമായുള്ള ബന്ധത്തിനും പ്രവർത്തനത്തിനും ഊന്നൽ കൊടുത്തു പറയുന്നു: ഭൂമിയിലെ ക്രിസ്തുവിന്റെ ആത്മിയ ശരീരമാണ്, സഭ. ക്രിസ്തു സഭയുടെ തലയാണ്. ക്രിസ്തുവിന്റെ ഈ ആത്മീയ ശരീരത്തിൽ, വ്യക്തികളായ ക്രിസ്ത്യാനികൾ ശരീരത്തിന്റെ "അവയവങ്ങൾ" ആയി പ്രവർത്തിക്കാൻ പറഞ്ഞിരിക്കുന്നു. ഓരോ ക്രിസ്ത്യാനിയും അതിലെ അംഗമാകുമ്പോൾ ശരീരത്തിലെ അവയവങ്ങളെപോലെ പ്രവർത്തിക്കുന്നു. പൌലൊസ് കൊരിന്തു സഭയ്ക്കു എഴുതി, "എന്നാൽ നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും, ഓരോരുത്തൻ വെവ്വേറെയായി അവയവങ്ങളും ആകുന്നു" (1 കൊരിന്ത്യർ 12:27).

സഭയെ "രാജ്യം" എന്നും സൂചിപ്പിച്ചിട്ടുണ്ട് (പ്രവൃത്തികൾ 8:12). ചിലപ്പോൾ പദപ്രയോഗം നടത്തിയിരിക്കുന്നതു "സ്വർഗ്ഗരാജ്യം" എന്നാണ് (മത്തായി 16:18, 19), ചിലപ്പോൾ "ദൈവരാജ്യം" എന്നും ആണ് (യോഹന്നാൻ 3:3). രണ്ടു പദപ്രയോഗങ്ങളും രാജ്യം സഭ എന്നതിന്റെ ആത്മിയാധിപത്യത്തെ സൂചിപ്പിക്കുന്നു (യോഹന്നാൻ 18:36). ഭൂമിയിൽ ദൈവ നിയമത്തിനു കീഴ്പ്പെട്ട് ക്രിസ്തുവിനെ അനുഗമിക്കുന്നവരുടെ കൂട്ടമാണ് സഭ. രാജ്യത്തിന്റെ, സഭയുടെ രാജാവായി ക്രിസ്തു ഇപ്പോൾ വാഴുന്നു (1 കൊരിന്ത്യർ 15:24, 25). തൽഫലമായി സഭയ്ക്കു ദൈവിക തല,

അഥവാ രാജാവ് ദൈവിക അധികാരത്തിൽ വാഴുന്നു. സഭയിലെ അംഗങ്ങൾ യേശുവിന്റെ അധികാരത്തിനു കീഴ്പ്പെട്ട് അവർ ഭൂമിയിൽ ആണെങ്കിലും അവന്റെ ആത്മീയ രാജ്യത്തിൽ "പൗരന്മാരായി" ജീവിക്കുന്നു (ഫിലിപ്പിയർ 3:20).

ദൈവരാജ്യത്തിന്റെ ഭാഗമായിരിക്കുന്നവർ സ്വർഗ്ഗരാജ്യത്തിലെ "പൗരന്മാരുമാണ്" (മത്തായി 16:18, 19). പൗലൊസ് പറഞ്ഞു, "നമ്മുടെ പൗരത്വമോ സ്വർഗ്ഗത്തിൽ ആകുന്നു, അവിടെ നിന്നു കർത്താവായ യേശു ക്രിസ്തു രക്ഷിതാവായി വരും എന്നു നാം കാത്തിരിക്കുന്നു" (ഫിലിപ്പിയർ 3:20). കൂടാതെ അവർ പറഞ്ഞു, "ആകയാൽ നിങ്ങൾ ഇനി അന്യന്മാരും പരദേശികളും അല്ല. വിശുദ്ധന്മാരുടെ സഹപൗരന്മാരും ദൈവത്തിന്റെ ഭവനക്കാരും അത്രേ. ക്രിസ്തു യേശു തന്നേ മൂലക്കല്ലായിരിക്കെ നിങ്ങളെ അപ്പൊസ്തലന്മാരും പ്രവാചകന്മാരും എന്ന അടിസ്ഥാനത്തിന്മേൽ പണിതിരിക്കുന്നു" (എഫെസ്യർ 2:19, 20). ക്രിസ്തു നമ്മുടെ രാജാവാണ് (1 കൊരിന്ത്യർ 15:24, 25), ക്രിസ്തുവിന്റെ ഭരണത്തിൻ കീഴിലുള്ളവർ മാത്രമാണ് അവന്റെ രാജ്യത്തിൽ (മത്തായി 7:21).

പഴയനിയമത്തിൽ ദാനിയേൽ പറഞ്ഞ നിത്യരാജ്യത്തിലെ പൗരന്മാരാണ് ക്രിസ്ത്യാനികൾ (ദാനിയേൽ 2:44) "ഇളകാത്ത രാജ്യം" എന്നാണ് എബ്രായ ലേഖകൻ ഇതിനെ വിവരിച്ചിരിക്കുന്നത്: "ആകയാൽ, ഇളകാത്തരാജ്യം പ്രാപിക്കുന്നതുകൊണ്ടു നാം നന്ദിയുള്ളവരായി ദൈവത്തിനു പ്രസാദംവരുമാറു ഭക്തിയോടും ഭയത്തോടും കൂടെ സേവ ചെയ്ക ..." (എബ്രായർ 12:28). അടുത്ത പ്രാവശ്യം, ഇപ്പോൾ തുടങ്ങി ഒരു ആയിരം വർഷം നിങ്ങൾ എവിടെയായിരിക്കും എന്നു നിങ്ങളോടു തന്നെ ചോദിക്കുക. നിങ്ങൾ ഒരു ക്രിസ്ത്യാനിയാണെങ്കിൽ നിങ്ങൾക്കു "ഞാൻ ദൈവത്തിന്റെ നിത്യരാജ്യത്തിലായിരിക്കും!" എന്നു പറയാം. ദൈവരാജ്യം എന്നതു ഇന്നുണ്ടാകയും നാളെ ഇല്ലാതാകയും ചെയ്യുന്ന ഒന്നല്ല - അതു നിത്യമാണ്.

**ഉടമസ്ഥതയുടെ നാമനിർദ്ദേശം**

ദൈവത്തോടും ക്രിസ്തുവിനോടും ഉള്ള ബന്ധത്തിൽ കൈവശമാക്കിയ - വിധത്തിൽ സഭയ്ക്കു ഊന്നൽ കൊടുത്ത് മൂന്നു വിധത്തിൽ ഉപയോഗിച്ചിട്ടുണ്ട്. ഈ പദപ്രയോഗങ്ങൾ പറയുന്നതു ഉടമസ്ഥാവകാശവും നായകത്വവുമാണ്.

ആദ്യം, സഭയെ "ക്രിസ്തുവിന്റെ സഭ" എന്നു സൂചിപ്പിച്ചിരി

ക്കുന്നു. പൗലൊസ് റോമർക്കു ലേഖനം എഴുതി അവസാനിപ്പി ക്കുമ്പോൾ അഖായയിലെ സഭകളുടെ വന്ദനം അറിയിക്കുന്നുണ്ട്: "ക്രിസ്തുവിന്റെ സകല സഭകളും നിങ്ങളെ വന്ദനം ചെയ്യുന്നു" (റോമർ 16:16). ഈ നാമ നിർദ്ദേശം ഊന്നൽ കൊടുക്കുന്നതു സഭ യുടെ ഉടമസ്ഥതക്കും തിരിച്ചറിയലിനും ആണ്. സഭ ക്രിസ്തുവിന്റെ സഭ എന്നു പറയാൻ കാരണം ക്രിസ്തുവാണ് അതിന്റെ സ്ഥാപക നും, വാങ്ങിയവനും, തലയും. ഒരാൾ ക്രിസ്തുവിലേക്കു പരി വർത്തനം ചെയ്താൽ, അവൻ ക്രിസ്തുവിനുളളവനാണ് (1 കൊരിന്ത്യർ 6:20). ക്രിസ്തുവിനെ അനുഗമിക്കുന്ന ക്രിസ്ത്യാനി യായി, അയാൾ ക്രിസ്തുവിനോടുകൂടെ തിരിച്ചറിയുന്നു (പ്രവൃത്തികൾ 11:26; 26:28; 1 പത്രൊസ് 4:16). ക്രിസ്തുവിനെ പിൻപറ്റുന്നവരുടെ പ്രത്യേക കൂടിവരുന്നത് ആർ എന്നെല്ലാം കാത്തിരിക്കയാണ്.

രണ്ടാമത്, സഭയെ "ദൈവത്തിന്റെ സഭ" എന്നും വിളിച്ചിട്ടുണ്ട് (1 കൊരിന്ത്യർ 1:2). സഭയെ പുതിയ നിയമത്തിൽ ക്രിസ്തുവിന്റെ സഭ എന്നാണ് പറഞ്ഞിരിക്കുന്നതെങ്കിൽ, നാമും സഭയെ ദൈവ ത്തിന്റെ സഭയെന്ന് പറയണം. കാരണം യേശു പറഞ്ഞു ഞാനും പിതാവും ഒന്നത്രെ എന്ന് (യോഹന്നാൻ 10:30). ഈ ലോകത്തിന് അടിസ്ഥാനമിടുന്നതിനു മുൻപു തന്നെ ദൈവം സഭയ്ക്കു പദ്ധതി ഒരുക്കിയിരുന്നു (എഫെസ്യർ 3:10, 11). സഭയുടെ ഒരുക്കത്തിനും (മത്തായി 16:18) അതു അവന്റെ രക്തത്താൽ വിലക്കു വാങ്ങുവാ നുമായി ദൈവം ക്രിസ്തുവിനെ ഈ ലോകത്തിലേക്ക് അയച്ചു (പ്രവൃത്തികൾ 20:28). ദൈവം ക്രൂശുമുഖാന്തരം യേശുക്രിസ്തു വിൽ ലോകത്തെ അവനോട് നിരപ്പിച്ചു (2 കൊരിന്ത്യർ 5:19). സഭ വാങ്ങുവാൻ അടിസ്ഥാനത്തിൽ ദൈവം യേശു ക്രിസ്തുവിനോ ടൊപ്പം ഉണ്ടായിരുന്നു.

മൂന്നാമത്, സഭയിലെ അംഗങ്ങളെ "ദാസന്മാർ" അല്ലെങ്കിൽ "ശുശ്രൂഷകന്മാർ" എന്നു വിവരിച്ചിട്ടുണ്ട്. പുതിയ നിയമം എഴു തപ്പെട്ടപ്പോൾ, റോമാ സാമ്രാജ്യത്തിൽ ദാസൻ/യജമാനൻ വ്യവസ്ഥ നിലവിലുണ്ടായിരുന്നു. ഒരു ദാസൻ യജമാനന്റെ പൂർണ്ണ നിയന്ത്ര ണത്തിലായിരുന്നു. അവനു വാസ്തവത്തിൽ അവകാശങ്ങളോ, സമ്പാദ്യമോ ഇല്ലായിരുന്നു. താൻ പോലും തനിക്കുള്ളവനായി രുന്നില്ല അവൻ അതുകൊണ്ട് ഈ നാമവും ബന്ധവും നമ്മുടെ ജീവിതം ക്രിസ്തുവിനും അവന്റെ വചനത്തിനും കീഴ്പ്പെട്ടിരിക്കണം എന്ന അർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്നതിൽ അതിശയിക്കാനേ

ഇല്ല. പൌലൊസ് എഴുതി, "ഇന്നും ഞാൻ മനുഷ്യരെ പ്രസാദിപ്പിക്കുന്നു എങ്കിൽ ക്രിസ്തുവിന്റെ ദാസൻ ആയിരിക്കയില്ല" (ഗലാത്യർ 1:10; ഫിലിപ്പിയർ 1:1). പിന്നെയും പറഞ്ഞിരിക്കുന്നു "അവയാൽ ഞങ്ങൾ സങ്കൽപങ്ങളും ദൈവത്തിന്റെ പരിജ്ഞാനത്തിനു വിരോധമായി പൊങ്ങുന്ന എല്ലാ ഉയർച്ചയും ഇടിച്ചു കളഞ്ഞ്, ഏതു വിചാരത്തേയും ക്രിസ്തുവിനോടുള്ള അനുസരണത്തിനായി പിടിച്ചടക്കി" (2 കൊരിന്ത്യർ 10:5).

ക്രിസ്തു യജമാനനാണെന്ന് - അവകാശപ്പെടുന്ന ക്രിസ്ത്യാനികൾക്ക് - ഒരിക്കലും അവരുടെ ജീവിതത്തിന്റെ യജമാനനാകാൻ സാദ്ധ്യമല്ല. അവരുടെ സ്വന്ത ഇഷ്ടങ്ങളെ "ക്രൂശിൽ തറക്കണം" അതായത് അവരുടെ മാനുഷിക പാപേഛ നശിപ്പിക്കണം എന്നർത്ഥം. അവരുടെ ജീവിതത്തിൽ ദൈവത്തിനായിരിക്കണം പ്രഥമസ്ഥാനം. പൗലൊസ് പറഞ്ഞു, "എനിക്കു നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശിൽ അല്ലാതെ പ്രശംസിപ്പാൻ ഇടവരരുത്, അവനാൽ ലോകം എനിക്കും ഞാൻ ലോകത്തിനും ക്രൂശിക്കപ്പെട്ടിരിക്കുന്നു" (ഗലാത്യർ 6:14). അവൻ വീണ്ടും പറഞ്ഞു, "ഇനി ആരും എനിക്കു പ്രയാസം വരുത്തരുത്, ഞാൻ യേശുവിന്റെ ചൂടടയാളം എന്റെ ശരീരത്തിൽ വഹിക്കുന്നു" (ഗലാത്യർ 6:17).

## ബന്ധത്തിന്റെ നാമനിർദ്ദേശങ്ങൾ

പുതിയ നിയമത്തിൽ സഭ എന്നതു ബന്ധത്തിന്റെ ആശയത്തിൽ ഊന്നി പലരീതികളിലും ഉപയോഗിച്ചിട്ടുണ്ട്. അതു പ്രതീക്ഷിച്ചതാണ്, കാരണം കർത്താവിന്റെ സഭയിൽ അംഗമാകുന്നതുകൊണ്ട് സഭയിൽ പല ബന്ധങ്ങൾ ഉണ്ട്.

ദാസൻ/യജമാനൻ എന്ന നിലയിലും ശരീരം/സഭ എന്ന നിലയിലും ഉള്ള ബന്ധത്തിനു പുറമെ, "ക്രിസ്ത്യാനി" എന്ന പ്രയോഗത്തിൽ തന്നെ സഭാംഗങ്ങൾക്കു കർത്താവിനോടുള്ള മനോഹര ബന്ധത്തെ എടുത്തു കാണിക്കുന്നു. അവർ അവന്റെ പിൻഗാമികളാണ്; അവർ അവന്നായി ജീവിക്കയും അവന്റെ പേർ ധരിക്കയും ചെയ്യുന്നു. അപ്പൊസ്തലനായ പൗലൊസ് ക്രിസ്ത്യാനിയായി തീർന്നശേഷമുള്ള ജീവിതത്തെ പറ്റി പറയുന്നതു പ്രസിദ്ധമാണ് "എനിക്കു ജീവിക്കുന്നതു ക്രിസ്തുവും മരിക്കുന്നതു ലാഭവും ആകുന്നു" (ഫിലിപ്പിയർ 1:21). ക്രിസ്തു പൗലൊസിന്റെ ജീവിതത്തിൽ ഇടം പ്രഥമമായിരിക്ക മാത്രമല്ല - ക്രിസ്തു*വായിരുന്നു* അവന്റെ ജീവിതം! പൗലൊസിന്റെ ജീവിതത്തിന്റെ ആകത്തുക

ക്രിസ്തുവായിരുന്നു. അവൻ വാസ്തവത്തിലുള്ള ഒരു ക്രിസ്ത്യാനിയായിരുന്നു.

സഭയെ പുതിയ നിയമം "ദൈവത്തിന്റെ ഭവനം" ആയും പറയുന്നുണ്ട് ക്രിസ്ത്യാനികൾ "ദൈവത്തിന്റെ ഭവനമാണെന്ന്" പൗലൊസ് പറയുന്നു (എഫെസ്യർ 2:19). സഭയിൽ എങ്ങനെ പെരുമാറണം എന്ന് പൗലൊസ് തിമൊഥെയൊസിനെ എഴുതി അറിയിക്കുന്നുണ്ട്. "ജീവനുള്ള ദൈവത്തിന്റെ ആലയമായ സഭയിൽ എന്നാണ് പറഞ്ഞത്" (1 തിമൊഥെയൊസ് 3:15). ഒരാൾ ക്രിസ്തുവിനോട് പരിവർത്തനം ചെയ്യുമ്പോൾ, ദൈവം അവനെ തന്റെ പുത്രനായി ദത്തെടുക്കുന്നു. ക്രിസ്തുവിനോടുകൂടെ എല്ലാ അവകാശങ്ങളും നിത്യജീവനും തുടർന്നു കിട്ടും (റോമർ 8:15-17; എഫെസ്യർ 1:5). ക്രിസ്ത്യാനികൾക്കു പ്രാർത്ഥിക്കുവാൻ ഒരു സ്വർഗ്ഗീയ പിതാവുണ്ട്. മൂത്ത സഹോദരനും രക്ഷിതാവും - ആയ യേശുവുമുണ്ട്. അവൻ മൂലം നമുക്കു പ്രാർത്ഥിക്കാം സഹോദരീ സഹോദരന്മാരായി അവർ അന്യോന്യം സ്നേഹിക്കയും, സഹായിക്കയും പ്രബോധിപ്പിക്കയും ചെയ്യുന്നു (പ്രവൃത്തികൾ 2:44).

സഭയിലെ അംഗങ്ങളെ "ദൈവമക്കൾ" എന്നും അറിയപ്പെടുന്നു. അവർക്കു ദൈവത്തോട് പ്രത്യേക ബന്ധമുണ്ട്; അവർ അവരുടെ പിതാവാണ്, അവർ അവന്റെ മക്കൾ ആണ്. വിശ്വാസിക്കാൻ ക്രിസ്തുവിനോട് ചേരുവാൻ വിശ്വാസികൾ സ്നാനം ഏൽക്കുമ്പോൾ അവരെ ദൈവം തന്റെ "മക്കൾ" ആയി ദത്തെടുക്കുന്നു (എഫെസ്യർ 1:5). മക്കൾ ആയതുകൊണ്ട് ക്രിസ്ത്യാനികൾക്ക് നിത്യാവകാശവും (എഫെസ്യർ 1:11). ശക്തിയും താങ്ങും ദൈവത്തിന്റെ ഭൗമിക ഭവനത്തിൽ നിന്നും ലഭിക്കും (1 തിമൊഥെയൊസ് 3:15; എഫെസ്യർ 2:19-22). ഈ ആത്മീയവും സ്വർഗ്ഗീയവുമായ ഭവനത്തിൽ ദൈവം പിതാവായും (മത്തായി 6:9), യേശു മൂത്ത സഹോദരനായും (റോമർ 8:17), എല്ലാ ക്രിസ്ത്യാനികളും സഹോദരീ സഹോദരന്മാരുമാണ് (2 പത്രൊസ് 3:15; 1 യോഹന്നാൻ 2:8-11).

ദൈവത്തിനു തന്റെ മക്കളോട് പ്രത്യേക സ്നേഹമുണ്ട് (1 യോഹന്നാൻ 3:1). അവൻ അവരെ സാത്താനിൽ നിന്നും സംരക്ഷിച്ച് അവരുടെ ആവശ്യങ്ങൾ നൽകുകയും ചെയ്യുന്നു. ഭൗമിക പിതാക്കന്മാർ തങ്ങളുടെ മക്കൾക്കു നല്ല ദാനങ്ങളെ കൊടുപ്പാൻ ആഗ്രഹിക്കുന്നുവെങ്കിൽ, സർവ്വ ശക്തനായ പിതാവ് - പൂർണ്ണനായ സ്വർഗ്ഗീയ പിതാവ് - തന്നോട് ചോദിക്കുന്നവർക്കു ശ്രേഷ്ഠമായ ദാനങ്ങൾ കൊടുക്കയില്ലയോ എന്നു യേശു പഠിപ്പിച്ചിട്ടുണ്ട്!

(മത്തായി 7:11 നോക്കുക.)

ആദിമ സഭയിലെ അംഗങ്ങൾ അന്യോന്യം സഹോദരന്മാരായി മാത്രമല്ല കരുതിയത്, സ്നേഹിതന്മാരുമായിട്ടത്രേ (2 പത്രൊസ് 3:15; 3 യോഹന്നാൻ 15). അവർ മനോഹര സൗഹൃദ ബന്ധത്തിലാണ്, ഏറ്റവും ഉയർന്ന തരം സ്നേഹബന്ധമുളളവരാണ് ക്രിസ്ത്യാനികൾ.

യോഹന്നാന്റെ മൂന്നാം ലേഖനം എഴുതി അവസാനിപ്പിക്കുന്നത്, "നിനക്കു സമാധാനം. സ്നേഹിതന്മാർ നിനക്കു വന്ദനം ചൊല്ലുന്നു. സ്നേഹിതന്മാർക്കു പേരുപേരായി വന്ദനം ചൊല്ലുക" എന്നു പറഞ്ഞാണ് (3 യോഹന്നാൻ 15). തനിക്കു ചുറ്റുമുളള ക്രിസ്ത്യാനികളെ അവൻ "സ്നേഹിതന്മാർ" എന്നു സംബോധന ചെയ്താണ് ലേഖനങ്ങൾ അയക്കുന്നത് യേശു തന്റെ ശിഷ്യന്മാരെ സ്നേഹിതന്മാർ എന്നു വിളിച്ചിരുന്ന മാതൃക, യോഹന്നാൻ പിന്തുടരുകയാണ് യേശു തന്റെ ശിഷ്യന്മാരോട് പറഞ്ഞു,

> സ്നേഹിതന്മാർക്കു വേണ്ടി ജീവനെ കൊടുക്കുന്നതിലും അധികമുളള സ്നേഹം ആർക്കുമില്ല. ഞാൻ നിങ്ങളോട് കൽപിക്കുന്നതു ചെയ്താൽ, നിങ്ങൾ എന്റെ സ്നേഹിതന്മാർ തന്നേ. യജമാനൻ ചെയ്യുന്നതു ദാസൻ അറിയായ്ക കൊണ്ട് ഞാൻ നിങ്ങളെ ദാസന്മാർ എന്നു ഇനി പറയുന്നില്ല; ഞാൻ എന്റെ പിതാവിനോട് കേട്ടതു എല്ലാം നിങ്ങളോട് അറിയച്ചതുകൊണ്ട് നിങ്ങളെ സ്നേഹിതന്മാർ എന്നു പറഞ്ഞിരുന്നു (യോഹന്നാൻ 15:13-15).

"എല്ലാവരും വിട്ടുപോകുമ്പോൾ കൂടെ നില്ക്കുന്നവനാണ് ഒരു സ്നേഹിതൻ," എന്ന് ആരോ പറഞ്ഞിട്ടുണ്ട്. ഈ വിധത്തിലുളള സ്നേഹിതനാണ് യേശു. ആരും നമ്മെ സഹായിക്കുവാൻ ഇല്ലാതിരുന്നപ്പോൾ അവൻ തന്റെ ജീവൻ നമുക്കായി ഏല്പിച്ചു കൊടുത്തു. ക്രിസ്ത്യാനികളും അന്യോന്യം ഇതേപോലെയുളള സ്നേഹിതന്മാർ ആകണം (1 യോഹന്നാൻ 3:16). ക്രിസ്ത്യാനികൾ "സ്നേഹിതന്മാരാണ്."

ഒന്നാം - നൂറ്റാണ്ടിലെ സഭയെ പലപ്പോഴും "കർത്താവിന്റെ ശിഷ്യന്മാർ" എന്നു വിളിച്ചിരുന്നു (പ്രവൃത്തികൾ 9:1), അല്ലെങ്കിൽ വെറും "ശിഷ്യന്മാർ" എന്നു വിളിച്ചിരുന്നു (പ്രവൃത്തികൾ 9:26; 11:26). "ശിഷ്യൻ" എന്ന വാക്കിന്റെ അർത്ഥം "പഠിക്കുന്നവൻ

അല്ലെങ്കിൽ പിൻഗാമി എന്നാണ്; ഇതു കർത്താവും ആയുള്ള ക്രിസ്ത്യാനിയുടെ തുടർച്ചയായ ബന്ധമാണ് കാണിക്കുന്നത്. ഒരു ശിഷ്യൻ തന്നേക്കാൾ ഉയർന്ന ഒരാളോട് കടപ്പെട്ടിരിക്കുന്നു, വലിയവനിൽ നിന്നാണ് അവൻ പഠിക്കുന്നത്, നിർദ്ദേശങ്ങളാലും അനുകരിക്കുന്നതിനാലും ഉയർന്ന ആളിൽ നിന്നു തുടർച്ചയായി പഠിച്ചു കൊണ്ടിരിക്കും. അവൻ വെറും കേൾവിക്കാരനല്ല; അവൻ പഠിക്കുന്നവനും, കീഴിൽ പഠിക്കുന്നവനും ആണ്. അവന്റെ കർത്താവ് അവന്റെ യജമാനനും ഗുരുവും ആണ് (യോഹന്നാൻ 13:13).

"ശിഷ്യൻ" എന്ന വാക്ക് പ്രത്യേകമായി സുവിശേഷങ്ങളിൽ 238 പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്. പ്രവൃത്തികളുടെ പുസ്തകത്തിൽ ഇരുപത്തി - എട്ടു പ്രാവശ്യവും പ്രത്യക്ഷപ്പെടുന്നുവെങ്കിലും, ലേഖനങ്ങളിലും വെളിപ്പാടിലും കാണുന്നുമില്ല. പദ പ്രയോഗങ്ങളിൽ മാറ്റത്തിനു കാരണം, ഒരു പക്ഷെ സുവിശേഷങ്ങളിൽ നിന്നു ലേഖനങ്ങളിലേക്കും പിന്നെ പ്രവൃത്തികളുടെ പുസ്തകത്തിലേക്കും കടക്കുമ്പോൾ ക്രിസ്തുവിന്റെ ഭൂമിയിലെ ജീവിതവും അവന്റെ അനുയായികളെ "ശിഷ്യന്മാർ" എന്ന് അവനോടുള്ള ബന്ധം കാണിക്കുവാൻ പറയുന്നതാകാം. പിന്നെ, പ്രവൃത്തികളിലും ലേഖനങ്ങളിലും, വെളിപ്പാടിലും, വിശുദ്ധ വിളിയുമായുള്ള ബന്ധത്തിൽ അവരെ "വിശുദ്ധന്മാർ" അല്ലെങ്കിൽ തമ്മിൽ തമ്മിലുള്ള ബന്ധത്തിൽ "സഹോദരങ്ങൾ" എന്ന് വിശേഷിപ്പിച്ചിരിക്കുന്നു.

മഹത്തായ ആജ്ഞ നൽകുമ്പോൾ - തന്റെ സ്വർഗ്ഗാരോഹണത്തിനു മുൻപ് ക്രിസ്തു അപ്പൊസ്തലന്മാരോട് കൽപിച്ചു, "ആകയാൽ നിങ്ങൾ പുറപ്പെട്ട്, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കൽപിച്ചതു ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചു കൊണ്ടു സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ; ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടുകൂടെ ഉണ്ട് എന്നു അരുളിചെയ്തു" (മത്തായി 28:19, 20). ഈ വിധത്തിൽ, പുതിയ നിയമത്തിൽ പിന്നീടു കാണുന്നില്ലെങ്കിലും "ശിഷ്യൻ" എന്ന വാക്ക് തുടർച്ചയായി ഉപയോഗിച്ചിരിക്കുന്നു.

ശിഷ്യൻ വചനം പ്രമാണിക്കുന്നവനാണ്. യാക്കൊബ് പറഞ്ഞു, "എങ്കിലും വചനം കേൾക്ക മാത്രം ചെയ്തു കൊണ്ടു തങ്ങളെ ത്തന്നെ ചതിക്കാതെ അതിനെ ചെയ്യുന്നവരായും ഇരിപ്പിൻ ..." (യാക്കൊബ് 1:22). ഒരു ശിഷ്യൻ വിദ്യാർത്ഥിയേക്കാൾ കൂടുത

ലാണ്, അവൻ ക്രിസ്തുവിന്റെ അനുകാരിയാണ്, ക്രിസ്തുവിന്റെ അനുയായിയാണ്.

മറ്റൊരു കാഴ്ചപ്പാടിൽ പുതിയ നിയമ സഭയെ "ദൈവത്തിന്റെ മന്ദിരം" എന്നു വിളിച്ചിട്ടുണ്ട്. പൗലൊസ് കൊരിന്തിലുള്ള ക്രിസ്ത്യാനികളോട് പറഞ്ഞു, "നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവു നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ?" (1 കൊരിന്ത്യർ 3:16). സഭ ക്രിസ്ത്യാനികളുടെ കൂടിവരവായതുകൊണ്ട് ദൈവം വസിക്കുന്ന മന്ദിരമാകുന്നു. ജീവനുള്ള, ദൈവത്തിന്റെ സഭയിലാണ് ദൈവം വസിക്കുന്നത് വ്യക്തികളായ ക്രിസ്ത്യാനികൾ സുവിശേഷത്താൽ വേർതിരിച്ച് വിശുദ്ധ വേല ചെയ്യുന്നവരും ദൈവം വസിക്കുന്നവരും അതുകൊണ്ട് അവരെ "വിശുദ്ധന്മാർ" എന്നു വിളിച്ചിരിക്കുന്നു (1 കൊരിന്ത്യർ 1:2).

പുതിയ നിയമത്തിൽ, ഒരു വേദഭാഗത്തിൽ സഭയെ "ആദ്യ ജാതന്മാരുടെ സഭ" എന്നു പറഞ്ഞിട്ടുണ്ട് (എബ്രായർ 12:23). ഓരോ അംഗത്തിന്റേയും പേർ സ്വർഗ്ഗത്തിൽ എഴുതപ്പെട്ടിരിക്കയാൽ ഭാവിയുമായി പ്രത്യേകതയുള്ളതായി നിൽക്കയാണ് സഭ. ഒരു ക്രിസ്ത്യാനിക്കു ക്രിസ്തു നൽകുന്ന നിത്യ പ്രത്യാശ നിമിത്തം ഭാവിയെക്കുറിച്ച് ഭയത്തിനോ, ആശങ്കക്കോ ഇടമില്ല. സഭ എന്താണെന്നും അതെങ്ങനെ ജീവിക്കണമെന്നും ഉള്ള ഉൾക്കാഴ്ച്ച നൽകുകയാണ് ഈ ബന്ധമുള്ള-നാമ നിർദ്ദേശങ്ങൾ. ഭൂമിയിൽ ക്രിസ്ത്യാനികൾ എങ്ങനെ ജീവിക്കണമെന്നും രക്ഷിക്കപ്പെട്ടവർ ഭാവിയിൽ ദൈവത്തോടുകൂടെ എങ്ങനെ ആയിരിക്കണമെന്നും അവ പറയുന്നു.

## ഉപസംഹാരം

അബ്രാം എന്ന പേർ അവനു പിന്നെ യോജിക്കാത്തതുകൊണ്ട് ദൈവം അവന്റെ പേർ അബ്രഹാം എന്നാക്കി. ബഹുജാതികൾക്കു പിതാവായിത്തീരും എന്ന് അബ്രഹാമിനോട് പറഞ്ഞിരുന്നു (ഉൽപത്തി 17:5). അബ്രഹാം എന്ന വാക്കിന്റെ അർത്ഥം "ഉയർത്തിയ പിതാവ്" എന്നാണ്. അർത്ഥവത്തായ പേരായിരുന്നു അബ്രാം എന്നത്, എന്നാൽ ഭാവിയിൽ അവൻ പ്രതിനിധാനം ചെയ്യുന്നതിനു പറ്റിയതായിരുന്നില്ല. അബ്രഹാം എന്നതിനർത്ഥം "ബഹുജാതികളുടെ പിതാവ്" എന്നാണ്, അത് ഒരു ദേശത്തിലെ ജനങ്ങളുടെ പിതാവ് എന്ന നിലയിൽ ശരിയായ പേരാണ്. ദൈവം അബ്രഹാമിനു നൽകിയ നാമനിർദ്ദേശത്തിൽ ചിലതു ദൈവ

ത്തിനും അബ്രഹാമിനും ഉണ്ട്. അങ്ങനെ ആണെങ്കിലും, ദൈവം സഭക്കു നൽകിയ നാമനിർദ്ദേശങ്ങൾ ചിലതു ദൈവത്തിനും, നമുക്കും അർത്ഥമാകുന്നവയാണ്.

പുതിയ നിയമ സഭ സൂചിപ്പിച്ചിരുന്നതും ഉപയോഗിക്കേണ്ടതും ശരിയായ രീതിയിലായിരിക്കണം. ബൈബിളിൽ ഇല്ലാത്ത നാമ നിർദ്ദേശങ്ങൾ നൽകുന്നതുകൊണ്ടാണ് സഭയുടെ തിരിച്ചറിവ് സംബന്ധിച്ച് നാം തെറ്റിദ്ധരിക്കപ്പെടുന്നത്. ഒരു കൂട്ടം ആളുകൾ പുതിയ നിയമസഭ അന്വേഷിക്കയാണെങ്കിൽ, അവർ പുതിയ നിയമ സഭയായി അറിയപ്പെടണമെന്നുണ്ടെങ്കിൽ, അവർ സഭയ്ക്കു പുതിയ നിയമ നാമനിർദ്ദേശങ്ങൾ സ്വീകരിക്കണം. ഒരു സഭയെ പുതിയ നിയമസഭ എന്നു വിളിക്കയും അങ്ങനെ അല്ലാതിരിക്കയും ചെയ്യാം; എന്നാൽ വാസ്തവത്തിൽ പുതിയ നിയമസഭയാകണ മെങ്കിൽ, അതിൽ പുതിയ നിയമ ഭാഷ ഉപയോഗിക്കണം.

ഇന്നു ദൈവത്തിന്റെ സഭ ആയിരിക്കുക എന്നതിൽ അതിലെ അംഗങ്ങളെ വിവരിക്കുന്ന രീതിയും നോക്കേണ്ടതുണ്ട്. സഭ എങ്ങനെ ആയിരിക്കണമെന്നും എന്തു ചെയ്യണമെന്നും ദൈവം ആഗ്രഹിക്കുന്നതുപോലെ ആകുവാൻ ക്രിസ്ത്യാനികൾ ദൈവം സഭയ്ക്കു ഉപയോഗിച്ച നാമനിർദ്ദേശങ്ങൾ ഉപയോഗിക്കുന്നതു ആരംഭമേ ആകുന്നുള്ളു. അങ്ങനെ പരിശീലിക്കുമ്പോഴാണ് അതു യാഥാർത്ഥ്യമാകുന്നത്. ദൈവം സഭയെ ഉപയോഗിച്ച നാമനിർദ്ദേശം ക്രിസ്ത്യാനികൾ സ്വയം സ്വീകരിക്കുമ്പോൾ അവർ ശരിയായ പാതയിലാണ്, ദൈവം ആരായിത്തീരണമെന്ന് ആഗ്രഹിക്കു ന്നുവോ അതാകുവാനുള്ള പരിശ്രമത്തിലാണ്. (അനുബന്ധം 3 നോക്കുക.)

## പഠനചോദ്യങ്ങൾ

*(അനുബന്ധങ്ങൾ 1 ലെ ഉത്തരങ്ങൾ)*

1. സഭയുമായുള്ള ബന്ധത്തിൽ "രാജ്യം" എങ്ങനെ ഉപയോഗിച്ചിരി ക്കുന്നു?
2. എന്തുകൊണ്ടാണ് സഭയെ "ക്രിസ്തുവിന്റെ സഭ" എന്നു പൗലൊസ് വിളിച്ചിരിക്കുന്നതു?
3. പുതിയ നിയമത്തിൽ സഭയ്ക്കു ഉപയോഗിച്ചിരിക്കുന്ന നാമനിർദ്ദേശ ങ്ങൾ നാം എന്തുകൊണ്ട് എടുക്കേണം?
4. ബൈബിളിൽ സഭയെ സൂചിപ്പിച്ചിരിക്കുന്നതു നാം എടുക്കുമ്പോൾ നാം എന്തു നേടുന്നു?

5. സഭയെ എന്തുകൊണ്ട് "ദൈവ ഭവനം" എന്നു വിളിച്ചിരിക്കുന്നു?
6. "ക്രിസ്ത്യാനി" എന്ന വാക്കിന്റെ അടിസ്ഥാന അർത്ഥം എന്ത്? ഒരാൾ ക്രിസ്ത്യാനി ആയിതീരുമ്പോൾ അയാൾ എങ്ങനെ ജീവിക്കുന്നു?
7. ഫിലിപ്പിയർ 1:21-ൽ തന്റെ ജീവിതം എങ്ങനെയായിരുന്നു എന്നാണ് പൗലൊസ് വിശദമാക്കുന്നത്?
8. "ദൈവ മകൻ" എന്നു പറഞ്ഞാലെന്താണ് അർത്ഥം? ദൈവവുമായ സ്വഭാവ വിശേഷത വ്യക്തമാക്കുക?
9. പുതിയ നിയമത്തിൽ എപ്പോഴൊക്കെ "ശിഷ്യൻ" എന്ന വാക്ക് പ്രത്യക്ഷപ്പെട്ടിട്ടുണ്ട്?
10. ഒരു ശിഷ്യന്റെ സ്വഭാവ വിശേഷത നൽകുക?
11. "വിശുദ്ധൻ" എന്ന വാക്കിന്റെ അടിസ്ഥാന അർത്ഥം നൽകുക. ഒരാൾ എപ്പോഴാണ് "വിശുദ്ധൻ" ആകുന്നത്? ഒരു വിശുദ്ധന്റെ സ്വഭാവവിശേ ഷത എന്തെല്ലാം?

---

കുറിപ്പുകൾ

[1]സഭയെ പലപ്പോഴും പുതിയനിയമത്തിൽ ചിത്രീകരിച്ചിട്ടുള്ളത്, ഉദാഹരണമായി ആട്ടിൻ കൂട്ടമായിട്ട് (യോഹന്നാൻ 10:1), ഒരു തോട്ടമായിട്ട് (മത്തായി 20:1) അല്ലെങ്കിൽ ഒരു വിലയേറിയ മുത്ത് ആയിട്ട് (മത്തായി 13:45, 46). അത്തരം ചിത്രീകരണങ്ങൾ നമ്മെ സഭയെ കൂടുതൽ മനസ്സിലാക്കുവാൻ സഹായിക്കുന്നു; പക്ഷെ അവ ചിത്രീകരണങ്ങൾ അല്ലാതെ സഭയായി തിരിച്ചറിയരുത്. [2]"പദവികൾ" ഇവിടെ ഉപയോഗിച്ചിരിക്കുന്നത് ബൈബിൾ സംബന്ധമായി സഭയെ പ്രതിപാദിക്കുന്നതാണ്.